**നഗരസഭകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അലോട്ട് ചെയ്യുന്നതിന് മാനദണ്ഡം**

**68 (7365)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ വിവിധ വാർഡുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അലോട്ട് ചെയ്യുന്നതിന് മാനദണ്ഡങ്ങൾ ഉണ്ടോ ; ചില വാർഡുകളിൽ കൂടുതൽ തുകയും ചില വാർഡുകളിൽ വളരെ കുറച്ചു തുകയും നൽകാൻ കാരണമെന്താണെന്ന് അറിയിക്കുമോ ;

(ബി) ഇപ്രകാരം വികസന ഫണ്ടുകൾ അനുവദിക്കുന്നതിലെ അനൗചിത്യത്തിന്റെ പേരിൽ നഗരസഭകളിലെ വാർഡ് കൗൺസിലർമാർ എവിടെയെല്ലാം പ്രതിഷേധ സമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നഗരസഭകളിലെ വിവിധ വാർഡുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അലോട്ട് ചെയ്യുന്നതിന് മാനദണ്ഡങ്ങൾ ഇല്ല. നഗരസഭകൾക്ക് മാത്രമാണ് ഫണ്ട് അലോട്ട് ചെയ്യുന്നത്.

**നഗരസഭകൾക്കുള്ള വികസന ഫണ്ട്**

**69 (7366)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരസഭകൾക്ക് ഈ വർഷം വികസനഫണ്ടിന്റെ ആദ്യഗഡുപോലും ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുകാരണം നഗരസഭകളിലെ കാർഷിക-ജലസേചന-കുടിവെള്ള വിതരണ മേഖലകളിലെ സമയബന്ധിത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുപരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വികസന ഫണ്ടിന്റെ ആദ്യ ഗഡു 16-5-2014-നും രണ്ടാമത്തെ ഗഡു 3-6-2014-നും മൂന്നാമത്തെ ഗഡു 30-6-2014-ലും അനുവദിച്ചിട്ടുണ്ട്.

**ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി**

**70 (7367)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി.) സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly